"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി എമിലി ടി എ., കൃഷി ജോയിന്റ് ഡയറക്ടർ (റിട്ട.)- യുടെ സസ്പെൻഷൻ കാലയളവ് -ക്രമീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**992/2025/AGRI** തീയതി,തിരുവനന്തപുരം, **21-10-2025**

---

പരാമർശം:-

1. സ.ഉ.(സാധാ)നം. **1913/99**/എഡി തീയതി **01/12/1999**
2. സഉ.(സാധാ)നം. **257/2001**/എഡി തീയതി **12/02/2001**
3. സ.ഉ.(സാധാ)നം **842/2017**/കൃഷി തീയതി **02/09/2017**
4. സ.ഉ.(സാധാ)നം.**1175/2019**/കൃഷി തീയതി **04/12/2019**
5. സ.ഉ (സാധാ) നം. **17/22**/കൃഷി തീയതി **07/01/2022**
6. ശ്രീമതി എമിലി ടി .എ .-യുടെ **30/12/2024** ലെ അപേക്ഷ
7. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **16/06/2025** ലെ **ADFW/3588/2025-SB1** നമ്പർ കത്ത്

**ഉത്തരവ്**

**1998-99** വർഷത്തിലെ തൃശൂർ ജില്ലയിലെ അടാട്ട് കൃഷി ഭവന് കീഴിലുള്ള പാടശേഖരങ്ങളിലെ കുമ്മായ വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് പുഴയ്ക്കൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി. എമിലി ടി.എ -യെ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പരാമർശം (2) ഉത്തരവ് പ്രകാരം ടിയാളെ സേവനത്തിൽ പുനഃപ്രവേശിക്കുകയും ചെയ്തിരുന്നു. സസ്പെൻഷൻ കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച ശ്രീമതി എമിലി ടി .എ. -യ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ആയതിന്റെ ഭാഗമായി ടിയാളിൽ നിന്ന് **87,760/-** രൂപ തിരികെ ഈടാക്കുവാനും ടിയാളെ കൃഷി ഓഫീസർ തസ്തികയിലേക്ക് **5-** വർഷത്തേയ്ക്ക് തരംതാഴ്ത്തികൊണ്ടും സ.ഉ.(സാധാ)നം.**2591/08**/കൃഷി തീയതി **05/12/2008** പ്രകാരം സർക്കാർ ഉത്തരവിടുകയുണ്ടായി. ഈ ഉത്തരവിനെതിരെ ടിയാൾ ബഹു. **KAT**-മുമ്പാകെ **TA.901/13-** നമ്പരായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത സർക്കാർ ഉത്തരവിനെ റദ്ദ് ചെയ്യുകയും, തുടർന്ന് ടിയാളെ തരം താഴ്ത്തിയ നടപടിയും **87,760/-** രൂപ ഈടാക്കാനുള്ള നിർദേശവും റദ്ദ് ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം വീണ്ടും ഉത്തരവിടുകയുണ്ടായി. എന്നാൽ ടിയാൾക്കെതിരെ **KSR**-പാർട്ട് **III-Rule-3-** പ്രകാരം അച്ചടക്ക നടപടി തുടരാൻ സർക്കാർ തീരുമാനിക്കുകയും , അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി **KSR-** പാർട്ട് **III- Rule-59(b.)-** പ്രകാരം ടിയാളിൽ നിന്ന്

ഈടാക്കാൻ തീരുമാനിച്ച തുക ഈടാക്കുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി കാരണം കാണിക്കൽ നോട്ടിസ് നൽകുകയും, ടി നോട്ടീസിനെതിരെ ടിയാൾ വീണ്ടും **OA(EKM) 325/2019** നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിന്റെ **01/03/2019** ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടിയാളെ നേരിൽ കേൾക്കുകയും ടിയാൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടിസ് ചട്ട പ്രകാരമല്ലാത്തതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി ഉപേക്ഷിച്ചുകൊണ്ട് പരാമർശം **(4)** പ്രകാരം വീണ്ടും ഉത്തരവായിരുന്നു.

**2.** തുടർന്ന് **31/08/2014** -ൽ കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി എമിലി ടി.എ.-ക്കെതിരെയുള്ള അച്ചടക്ക നടപടി ഉപേക്ഷിച്ച സാഹചര്യത്തിൽ ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ടിയാളുടെ തൊട്ടടുത്ത ജൂനിയർ ജോലിയിൽ പ്രവേശിച്ച തീയതിയായ **17/05/2010-** മുതൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറായും, **30/07/2014-** മുതൽ കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിലും ശ്രീമതി എമിലി ടി .എ.-യ്ക്ക് നോഷണൽ ആയി പ്രൊമോഷൻ നൽകി പരാമർശം **(5)** പ്രകാരം ഉത്തരവായിരുന്നു.

**3.** എന്നാൽ ടിയാളുടെ സസ്പെൻഷൻ കാലയളവായ **01/12/1999-** മുതൽ **28/02/2001-** വരെയുള്ള കാലയളവ് (ടിയാൾ **01/03/2001** പൂർവാഹ്നം ജോലിയിൽ പുനഃപ്രവേശിച്ചിരുന്നു) നാളിതുവരെ ക്രമീകരിച്ചിട്ടില്ലെന്നും , ടിയാൾക്കെതിരെയുള്ള, അച്ചടക്ക നടപടി ഉപേക്ഷിച്ച സാഹചര്യത്തിൽ പ്രൊമോഷൻ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹയാണെന്നും ആയതിനാൽ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്നുമുള്ള പരാമർശം **(6)** പ്രകാരമുള്ള അപേക്ഷ ശിപാർശ ചെയ്ത് പരാമർശം **(7)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. എമിലി ടി .എ.-യ്ക്കെതിരായ സസ്പെൻഷനുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയിലെ അന്വേഷണ റിപ്പോർട്ടുകളിൽ സാമ്പത്തിക നഷ്ടം, ടിയാളുടെ പങ്ക് എന്നിവ കണ്ടെത്താത്ത സാഹചര്യത്തിലാണ് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി ഉപേക്ഷിച്ചുകൊണ്ട് പരാമർശം **(4)** പ്രകാരം ഉത്തരവായിട്ടുള്ളത് എന്നതിനാൽ **31/08/2014** -ൽ കൃഷി ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി എമിലി ടി .എ.-യുടെ **01-12-1999** മുതൽ **11-02-2001** വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും **12-02-2001** മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള **KSR Part I Rule-56B(9)Note-2** പ്രകാരം പ്രവേശന കാലമായോ (**KSRs Part I Rule-127** പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ്-ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും **(6** ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം) **(apportioned second)** അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ

ക്രമീകരിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി എമിലി ടി .എ., കൃഷി ജോയിന്റ് ഡയറക്ടർ (റിട്ട.) (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് **(3195345/Agri-A1/157/2025-FIN Dated:15.09.2025 )**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(Agri-EA3/56/2025-Agri)**

ഉത്തരവിൻ പ്രകാരം

Signed by
Aswathi S Poonkavanam
Date: 23-10-2025 11:41:55
സെക്ഷൻ ഓഫീസർ